# സെൻ്റ് മേരീസ് സി.എൽ.പി. സ്കൂൾ, ഒല്ലൂർ

| OUR VISION | ദർശനം |
|---|---|
| The intellectual, mental, physical and spiritual growth and education of the students, through prayer and service forming them into good and integrated persons | വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ ബൗദ്ധികവും മാനസികവും കായികവും ആത്മീയവുമായ സമഗ്ര വളർച്ചയും പ്രാർത്ഥനാ ശുശ്രൂയിലൂടെ നന്മനിറഞ്ഞ സമ്പൂർണ്ണ വ്യക്തിവികസനവും |
| **OUR MISSION** | **ദൗത്യം** |
| Teaching the students along with their studies in the classroom moral and spiritual values | വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ ക്ലാസ് മുറിയിലെ പഠനത്തോടൊപ്പം ധാർമികവും ആധ്യാത്മീകവുമായ മൂല്യങ്ങൾ പഠിപ്പിക്കുക. |
| Forming them into good persons, God – oriented and other oriented. | ദൈവത്തോടും മുഷ്യരോടും പ്രതിബദ്ധതയുള്ള നല്ല വ്യക്തികളാക്കി രൂപപ്പെടുത്തുക. |
| Training the students in prayer, study service mentality, honesty, respect and love for humanbeings. | പ്രാർത്ഥന, പഠനം, ശുശ്രൂഷാമനോഭാവം, സത്യസന്ധത, മുഷ്യ വ്യക്തിത്വത്തോടുള്ള ആദരവ്, സ്നേഹം ഇവ പരിശീലിപ്പിക്കുക |
| **MOTTO** | **ആദർശവാക്യം** |
| Prayer and service | പ്രാർത്ഥനയും ശുശ്രൂഷയും |

# ആമുഖം

സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ വികസനം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയങ്ങളെ അക്കാദമികമായി പുരോഗതിയിലേക്ക് എത്തിക്കുക എന്ന സ്വപ്നസാക്ഷാത്ക്കാരത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പറയുകയുണ്ടായി.

അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി ഞങ്ങളുടെ വിദ്യാലയത്തിൽ അധ്യാപകർ എസ്.ആർ.ജി. 2025 മെയ് 23 വ്യാഴം പ്രധാന അധ്യാപികയുടെ നേതൃത്വത്തിൽ കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും മുൻ വർഷങ്ങളിലെ അക്കാദമിക മാസ്റ്റർ പ്ലാനുകൾ വിലയിരുത്തി ഏകദേശം ധാരണ രൂപപ്പെടുത്തുകയും ചെയ്തു.

വിദ്യാലയത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് അധ്യാപകരുടെ പങ്ക് മാത്രം പോര എന്ന് മനസ്സിലാക്കികൊണ്ട് പി.ടി.എ., ഒ.എസ്.എ, എന്നിവരുടെ പിന്തുണയും അത്യാവശ്യമാണെന്ന് മനസ്സിലാക്കികൊണ്ട് മുൻ സൂചിപ്പിച്ചവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുന്നതിന് 2025 മെയ് 26 വെള്ളി ഒരു യോഗം ചേരുകയും എല്ലാവരുടേയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കണിക്കലെടുത്തുകൊണ്ട് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഒരു ലഘുരൂപം തയ്യാറാക്കുകയും ചെയ്തു.

മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസരപഠനം, പൊതുവിജ്ഞാനം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി എല്ലാ കുട്ടികൾക്കും ഉദ്ദേശിച്ച ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സാധിക്കുന്ന വളരെ ലളിതവും, നടപ്പിലാക്കാൻ പറ്റുന്നതും, സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നതുമായ പ്രവർത്തനങ്ങൾ പല കാലഘട്ടങ്ങളിലായി നടപ്പിലാക്കാനും ഇതുവഴി കുട്ടികളെ ഉന്നതനിലവാരത്തെത്തിക്കാനും കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അതോടൊപ്പം വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യം ഉയർത്താൻ കഴിയുന്ന ചില പ്രവർത്തനങ്ങൾ കൂടെ ഞങ്ങൾ മാസ്റ്റർ പ്ലാനിൽ ചേർത്തിട്ടുണ്ട്. കുട്ടികളുടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് ഞങ്ങൾ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കും എന്ന പ്രതീക്ഷ

യോടെ 2025 - 26 കാലഘട്ടത്തിലെ മാസ്റ്റർ പ്ലാൻ നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.

## 2. പൊതുലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവ മായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തു കയും ചെയ്യുന്നു.
- സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം...) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹാ യത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തന ങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാ പകരും തമ്മിൽ അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികസനം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

# സെന്റ് മേരീസ് സി.എൽ.പി.എസ്., ഒല്ലൂർ

സംസ്കാരവും പരിഷ്കാരവും ഒത്തുചേരുന്ന ഒരു നാടിന്റെ രൂപവത്കരണത്തിൽ വിദ്യക്കുള്ള സ്ഥാനം അദ്വിതീയമാണെന്ന് മനസ്സിലാക്കിയ ഒല്ലൂർ ഗ്രാമവാസികൾ അഭ്യസ്ഥവിദ്യരായ തലമുറകളെ വാർത്തെടുക്കാൻ എന്തു ചെയ്യണമെന്ന ആലോചനയുടെ ഫലമായിട്ടാണ് ഇവിടെയൊരു വിദ്യാലയം ഉയർന്നു വന്നത്. സംസ്കാരചിത്തരും സമർപ്പണമനസ്കരുമായ വ്യക്തികളുടെ സേവനം കൊണ്ടു മാത്രമേ ഈ ലക്ഷ്യം സഫലീകരിക്കൂ എന്നു മനസ്സിലാക്കിയ ഇന്നാട്ടിലെ പൂർവ്വികർ യോഗ്യതയുള്ളവരെ കണ്ടെത്തുവാൻ പരിശ്രമം നടത്തിയിരുന്നു. തൃശ്ശൂർ വികാരിയാത്തിന്റെ പ്രഥമധ്യക്ഷനായ മാർ യോഹന്നാൻ മേനാച്ചേരി ഇതേ ചിന്താപഥത്തിലൂടെയാണ് തത്സമയം നീങ്ങികൊണ്ടിരുന്നത്. ചിന്താതീതങ്ങളായ പല അഭിപ്രായങ്ങളും ചർച്ചക്കെടുത്ത ശേഷം ഇരു സന്യാസി സമൂഹത്തിന്റെ കരങ്ങളിൽ ഈ ദൗത്യം  ഏൽപ്പിക്കപ്പെടുകയാണ് ഉചിതം എന്ന ബോധ്യത്തിൽ എത്തിച്ചേരുന്നു. ഈ അടിസ്ഥാനത്തിലാണ് 1900 ൽ ഇവിടെയൊരു കർമ്മലകന്യകാശ്രമം സ്ഥാപിതമായത്.

കുട്ടികളുടെ പ്രത്യേകിച്ച് പെൺപൈതങ്ങളുടെ വിദ്യാഭ്യാസവും സ്വഭാവസംസ്കരണവും തന്നെയാണ് ആശ്രമനിവാസികളും പ്രധാനപ്രേഷിതവൃത്തിയായി സുപ്രധാന ജീവിതദൗത്യമായി സ്വീകരിച്ചത്. അതിനാൽ ആരംഭത്തിൽ തന്നെ മുപ്പത്തിയാറു കുട്ടികളുടെ അനൗദ്യോഗിക വിദ്യാഭ്യാസം അവർ ആരംഭിച്ചു. അധ്യാപന പ്രാവീണ്യം വളർത്തിയെടുക്കുവാൻ ആദ്യ നാളുകളിൽ തന്നെ ഏതാനും ചില സന്യാസികൾ അകലങ്ങളിൽ ചെന്ന് പഠിച്ചിരുന്നു എന്നത് ഈ യഥാർത്ഥ്യത്തിന് തെളിവാണ്. ആരംഭത്തിലെ അസൗകര്യങ്ങളും ബുദ്ധിമുട്ടുകളും അതിജീവിച്ചുകൊണ്ടുള്ളതായിരുന്നു അധ്യാപനത്തിൽ പ്രകടമായ അതിശ്രദ്ധ.

ശരിയായ സ്കൂൾ കെട്ടിടവും നിയമാധിഷ്ഠിതമായ വിദ്യാഭ്യാസവും ആരംഭിച്ചത് 1903 ൽ ആണ്. അന്നത്തെ അധ്യാപികമാർ ബഹു. സിസ്റ്റർ അഞ്ഞാസ്, ബഹു. സിസ്റ്റർ ബർണദിത്ത, ബഹു. സിസ്റ്റർ അന്ന സ്ക്കറിയ എന്നിവരായിരുന്നു. സ്കൂളിന്റെ പ്രഥമ മാനേജർ ബഹു. ആലപ്പാട്ട് കുഞ്ഞിപ്പാലു അച്ചനാണ്. ജോലിഭാരം നിമിത്തം അദ്ദേഹത്തിന് ഒഴിവ്

എടുക്കേണ്ടിവന്നതിനാൽ തുടർന്ന് മാനേജരായി നിയമിതനായത് ഒല്ലൂർ പള്ളി അസിസ്റ്റന്റ് വികാരി ബഹു. ചിറയത്ത് യൗസേപ്പച്ചനാണ്. 1903 ൽ എണ്ണൂറ്റി ചില്ല്യാനം രൂപി ചെലവ് ചെയ്താണ് പുതിയ മാനേജരുടെ ശ്രമ ത്തിൽ സ്കൂൾ കെട്ടിടം പണി തീർത്തത്. ആ വർഷം തന്നെ കുട്ടികൾക്ക് നടത്തപ്പെട്ട പരീക്ഷയിൽ ഏവരും സംതൃപ്തരായിരുന്നു. പഠനകാര്യ ത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി കണ്ട് അന്നത്തെ വിദ്യാഭ്യാസ സൂപ്രണ്ടായിരുന്ന എ.പി. ബാലസുബ്രഹ്മണ്യ അയ്യർ ഡി.എ. ഗ്രാന്റ് അനുവദിക്കുന്നതിന് തയ്യാറായി. ആദ്യമായി ഈ വിദ്യാലയത്തിന് ഗവൺമെന്റിൽ നിന്നും ഗ്രാന്റ് ലഭിച്ചത് 1906 മിഥുനം 21 ന് ആണ്. കൊച്ചി സംസ്ഥാനത്തിന്റെ ദിവാൻജി ആയിരുന്ന എൻ.പട്ടാഭിരാമറാവു സ്കൂളിനു മാസത്തിൽ 25 രൂപ ഗ്രാന്റ് അനുവദിച്ച് നൽകി. അന്നു തന്നെ ഈ വിദ്യാ ലയം സർക്കാരിന്റെ കീഴിലായി. ഗ്രാന്റ് അനുവദിക്കും വരെ അധ്യാപ കർക്ക് ശമ്പളം നൽകിയിരുന്നത് അഭിവന്ദ്യപിതാവായിരുന്നു. ഭക്ഷണം മഠ ത്തിൽ നിന്നും നൽകിയിരുന്നു.

ആദ്യത്തെ ബിരുദം നേടിയ അധ്യാപകർ എന്ന സ്ഥാനപ്പേരോടെ പൂങ്കുഴി രാമവാര്യർ 1907 ൽ ജോലിയിൽ പ്രവേശിച്ചു. അടുത്ത വർഷം പ്രഥമ ഹെഡ്മാസ്റ്റർ പദവി അലങ്കരിച്ചതും അദ്ദേഹം തന്നെയാണ്. ആദ്യത്തെ 8 വർഷങ്ങളിൽ പ്രധാന അധ്യാപകരായി സേവനം ചെയ്തത് ശ്രീ. പൂങ്കുഴി രാമവാര്യർ, ശ്രീ. കോണ്ടോട് അച്യുതൻ നായർ, ശ്രീ. സി.പി. വൈദ്യനായർ തുടങ്ങിയ നിസ്വാർത്ഥമതികളാണ്. 1944 വരെ യു.പി. ക്ലാസ്സുകൾ മാത്രമേ ഇവിടെ ഉണ്ടായിരുന്നുള്ളൂ. 1945 ൽ എട്ടും, ഒമ്പതും ക്ലാസ്സുകൾ ആരംഭിച്ചു. ആദ്യത്തെ എസ്.എസ്.എൽ.സി. ബാച്ച് പരീക്ഷ യെഴുതിയത് 1948 ൽ ആണ്.

1961 ൽ പ്രൈമറിയും ഹൈസ്ക്കൂളും വേർതിരിഞ്ഞു. ഈ അവസര ത്തിൽ പ്രഥമ പ്രധാന അധ്യാപികയായി സിസ്റ്റർ കബ്രീനിയാണ് ചാർജ്ജെടുത്തത്. തുടർന്ന് ഈ സ്ഥാനം അലങ്കരിച്ചത് റവ. സിസ്റ്റർ ഫെർഡിനാന്റ്, റവ. സിസ്റ്റർ ബ്രീസിയ, റവ.സി. ലൂഷ്യസ്, റവ. സിസ്റ്റർ ജെയിൻമേരി, റവ.സിസ്റ്റർ അനിത, റവ. സിസ്റ്റർ ഗീതി മരിയ, റവ. സിസ്റ്റർ ലിസ്റോസ്, റവ.സി. മേരീസ് മാർഗരറ്റ്, റവ. സിസ്റ്റർ ഷൈനി ടി.എം. എന്നിവരായിരുന്നു. ഇപ്പോൾ ഹെഡ്മിസ്ട്രസ് സ്ഥാനം വഹിച്ചുകൊണ്ടിരി

ക്കുന്നത് റവ.സി. ഷിജി ജോൺ.വി. ആണ്. റവ.സിസ്റ്റർ ദീപ്തിക്ക് നല്ല അധ്യാപികക്കുള്ള സ്റ്റേറ്റ് അവാർഡും ലഭിച്ചിട്ടുണ്ട്. ചേർപ്പ് സബ് ജില്ല യിലെ മൂന്നാമത്തെ മികച്ച വിദ്യാലയമായി 2010 –2011, 2011–2012 അധ്യയന വർഷത്തിലും 2012–2013 വർഷത്തിൽ മികച്ച രണ്ടാമത്തെ വിദ്യാലയമായും തിരഞ്ഞെടുക്കപ്പെട്ടു. ട്രോഫിയും, സർട്ടിഫിക്കറ്റും ചേർപ്പ് എ.ഇ.ഒ. സമ്മാ നിക്കുകയും ചെയ്തു. 2011–2012 ൽ സിസ്റ്റർ ലിസ്റോസിന് ശ്രീനാരായണ സാഹിത്യ പരിക്ഷത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ രംഗത്തും സാംസ്കാരിക രംഗത്തും സ്ത്യുർഹമായ സേവനം കാഴ്ചവെച്ചതിന് അവാർഡ് നൽകി ആദരിച്ചു.

എൽ.പി. സ്കൂളുമായി വേർപിരിഞ്ഞതിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ച 2011–2012 വർഷത്തിൽ തന്നെ എൽ.പി. സ്കൂളിനു ഏറ്റവും മനോഹരമായ ഒരു കെട്ടിടം പണികഴിപ്പിക്കുകയും 2011 ഡിസംബർ 6 ന് ആശീർവാദവും ഔപചാരിക ഉദ്ഘാടനം നടത്തുകയും ചെയ്തു.

സാഹിത്യകാരൻ ജോർജ്ജ് ഇമ്മട്ടി, നന്ദൻ, മങ്ങാട്, ഡോക്ടർ മിനി, എഞ്ചിനീയർ റെമ്മി ജോർജ്ജ്, കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദം നേടിയ ജിത പി.ജി., യൂണിവേഴ്സിറ്റി തലത്തിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ സുജിഷ ടി.ജി., ആലുക്കാസ് ജ്വല്ലറി ഉടമയുടെ ബന്ധു സ്മിത ജോസ് മൊയലൻ എന്നിവർ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥിക ളായിരുന്നു. കൂടുതെ എണ്ണിയാൽ ഒടുങ്ങാത്ത അധ്യാപക അധ്യാപികമാ രാലും, വൈദികർ, സന്യസ്തർ, ഡോക്ടേഴ്സ്, എഞ്ചിനിയേഴ്സ് എന്നിവ രെകൊണ്ടും സമ്പന്നമാണ് ഈ വിദ്യാലയം.

സ്കൂൾ രക്ഷാകർത്തൃസംഘടന വിദ്യാലയത്തിന്റെ അഭിവൃദ്ധിയിൽ കാര്യമായി പങ്കുവഹിക്കുന്നു. വാർഷികാഘോഷവും യാത്രയയപ്പും പി.ടി. എ.യുടെ സഹകരണത്തോടെ യഥാകാലം നടന്നു വരുന്നു. എൽ.പി. സ്കൂളിന്റെ ആദ്യത്തെ പി.ടി.എ. പ്രസിഡണ്ട് പ്രൊഫ. വി.എ.വർഗ്ഗീസ് ആണ് (1955–2000). 1961 മുതൽ 1995 വരെ പി.ടി.എ. യോഗം എച്ച് എസും എൽ.പി.എസും ഒരുമിച്ചായിരുന്നു. ആദ്യത്തെ പ്രസിഡണ്ട് ശ്രീ. തോമസ് അഞ്ചേരി ആയിരുന്നു. തുടർന്ന് വന്നവർ ശ്രീ.എ.ജി. ലൂവീസ്, ശ്രീ. പോൾ കാരക്കട എന്നിവരാണ്. ശ്രീ. പ്രൊഫ. വി.എ. വർഗ്ഗീസ് എൽ.പി.എസ്സിൽ

ആദ്യത്തെ 5 വർഷം പ്രസിഡണ്ട് പദവി അലങ്കരിച്ചു. പിന്നീട് ശ്രീ. പോൾ വാഴക്കാല 3 വർഷവും (2000 - 2003), ശ്രീ. ജോസൻ എഫ്.പടിക്കല 3 വർഷവും, ശ്രീ. സോജൻ ജോസ് 1 വർഷവും, ശ്രീ. നെൽസൺ വള്ളൂപ്പാറ 5 വർഷവും, ശ്രീ. ബൈജു എൻ.ജി. 1 വർഷവും ശ്രീ സെബു 4 വർഷവും ചുമതല നിർവ്വഹിച്ചു. ഇപ്പോൾ പി.ടി.എ. പ്രസിഡണ്ട് ആയി ശ്രീ. സജി ജോൺ ചുമതല നിർവ്വഹിക്കുന്നു.

കൊല്ലം തോറും പഠനയാത്രകളും ഫീൽഡ് വിസിറ്റുകളും നടത്തി വരുന്നു. കലാശാസ്ത്രസാഹിത്യ മത്സരങ്ങളിൽ ഈ വിദ്യാലയം എന്നും മുൻപന്തിയിൽ തന്നെയാണ്. തിരുവോണം, ക്രിസ്തുമസ് എന്നീ ദേശിയ ആഘോഷങ്ങളും സന്മാർഗ ക്ലാസുകളും പി.ടി.എ., എം.പി.ടി.എ യും, ഡി. സി.എൽ. തിരുബാലസഖ്യം ബുൾ, ബുൾ കാർമ്മൽ ബഡ്സ് തുടങ്ങിയ ബാലസംഘടനകളും പ്രവർത്തിച്ച് വരുന്നു. 2003 - 2004 മുതൽ അമല ജ്യോതി എന്ന സുവനീർ പ്രസിദ്ധീകരിക്കാൻ തുടങ്ങി. അത് വിജയകരമായിരുന്നു. 2004-2005 വർഷത്തിൽ പി.ടി.എ. യുടെ സഹായത്തോടെ കമ്പ്യൂട്ടർ റൂം നിർമ്മിക്കുകയും കമ്പ്യൂട്ടർ പഠനം ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ 12 ഡിവിഷനുകളിലായി 377 ഓളം വിദ്യാർത്ഥി, വിദ്യാർത്ഥിനികൾ അധ്യയനം നടത്തുന്നു.

കലാ - കായിക രംഗത്തും ശാസ്ത്ര - സാമൂഹ്യ ശാസ്ത്ര പ്രവർത്തി പരിചയ രംഗത്തും തിളക്കമേറിയ പ്രതിഭകളെ വാർത്തെടുക്കുന്നതിൽ സെന്റ് മേരീസ് എന്നു മുൻപന്തിയിൽ തന്നെയാണ് എന്നതിന് ഓരോ വർഷത്തേയും വിജയ കഥകൾ തന്നെ സാക്ഷ്യം വഹിക്കുന്നു. ശാസ്ത്ര പ്രദർശനം, ഗണിതശാസ്ത്രം സാമൂഹ്യശാസ്ത്രം, ബാലകലോത്സവം, പ്രവൃത്തിപരിചയമേള എന്നിവയിൽ തുടർച്ചയായി ചേർപ്പ് സബ്ബ് ജില്ലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ കഴിയുന്നു എന്നത് ഇവിടുത്തെ അധ്യാപകരുടേയും രക്ഷാകർത്താക്കളുടേയും വിദ്യാർത്ഥികളുടേയും കഠിനാദ്ധ്വാനവും സ്ഥിരോത്സാഹവും സർഗ്ഗവാസനകളെ ഉണർത്തി പരിപോഷിപ്പിക്കുന്നുതിനുള്ള നിശ്ചയദാർഢ്യവും വ്യക്തമാക്കുന്നതാണ്. സബ്ബ് ജില്ലാ തലത്തിലും റവന്യു തലത്തിലും തുടർച്ചയായി സമ്മാനങ്ങൾ കരസ്ഥമാക്കുന്നതിനുമുപരി സാമൂഹ്യ രംഗത്തും തങ്ങളുടെ അറിവും കഴിവും പങ്കു

വെയ്ക്കുന്നതിൽ ഉത്തരോത്തരം ഉയരങ്ങളിലെത്താൻ സെന്റ് മേരീസിന്റെ മക്കൾക്ക് സാധിക്കുന്നു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

126 വർഷമായി അധ്യാപനപ്രേഷിത രംഗത്ത് സർവ്വ കഴിവുകളും പ്രവർത്തനനിരതമാക്കികൊണ്ട് നാടിന് നല്ലൊരു മുഖഛായ നൽകാൻ സാധിച്ചിട്ടുണ്ട്. നാടിന്റെ പുരോഗതിയിൽ ഞങ്ങൾ സന്തോഷിക്കുന്നു. നാട്ടുകാരുടേയും വിവിധ സംഘടനകളുടേയും സഹകരണത്തിൽ ഞങ്ങൾ കൃതാർത്ഥരാണ്. സി.എം.സി. മാനേജ്മെന്റ് നിർമ്മല പ്രൊവിൻസിന്റെ കീഴിലുള്ള ഈ വിദ്യാലയം പീഠത്തിൽ ഉർത്തിവെച്ച് കനകദീപം കണക്കെ ഇനിയും കാലദേശങ്ങൾക്കതീതമായി കാന്തിചൊരിയാൻ ഇടയാകട്ടെ എന്നാണ് ഏവരുടേയും പ്രതീക്ഷയും പ്രാർത്ഥനയും.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് മേരീസ് സി.എൽ.പി.എസ്. ഒല്ലൂർ |
| വിലാസം | : | പി.ഒ. ഒല്ലൂർ<br>തൃശ്ശൂർ - 680306 |
| ഫോൺ | : | 0487 2356948 |
| സ്കൂൾ കോഡ് | : | 22217 |
| വിദ്യാഭ്യാസ ഉപജില്ല | : | ചേർപ്പ് |
| വിദ്യാഭ്യാസ ജില്ല | : | തൃശ്ശൂർ |
| ബി.ആർ.സി. | : | യു.ആർ.സി. തൃശ്ശൂർ |
| സി.ആർ.സി. | : | പനംകുറ്റിച്ചിറ |
| ഇ - മെയിൽ | : | stmarysclpollur@gmail.com |
| അധ്യാപകർ | : | 12 |
| കുട്ടികൾ | : | 360 |
| ക്ലാസ് റൂം | : | 15 |

# വിഷയാടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളും ആസൂത്രണങ്ങളും

**മേഖല - അക്കാദമികം**
**ഉപമേഖല - മലയാളം (വായന)**
**ക്ലാസ് - 1, 2, 3, 4**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക | വിദ്യാപ്രവേശ് പ്രവർത്തനങ്ങൾ | ജൂൺ ആദ്യത്തെ 10 ദിവസം | | |
| | ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു. | ജൂൺ | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| | വായനാ പക്ഷാചരണത്തോടനുബന്ധിച്ച് പുസ്തകങ്ങൾ വായിക്കാൻ കൊടുക്കുന്നു. അമ്മ കുട്ടിക്ക് പുസ്തകം വായിച്ചുകൊടുക്കുന്ന വീഡിയോ | | | |
| | അധ്യാപിക കുട്ടികൾക്ക് കഥ മാതൃക രക്ഷിതാക്കൾക്ക് നൽകുന്നു. | ജൂൺ | ക്ലാസ് ടീച്ചർ SSK | SSK |
| | ടീച്ചർ കഥകൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു. | ജൂലൈ | ടീച്ചർ | |
| | വീട്ടു വായന | ജൂലൈ | രക്ഷിതാക്കൾ | |

| | | | | |
|---|---|---|---|---|
| | രക്ഷിതാക്കൾ കഥാപുസ്തകങ്ങൾ കുട്ടികളെ വായിക്കാൻ പരിശീലിപ്പിക്കുന്നു | ജൂലൈ | രക്ഷിതാക്കൾ | |
| | കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു. | ജൂലൈ | ക്ലാസ് ടീച്ചർ | SSK |
| | ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു. | ജൂലൈ | ക്ലാസ് ടീച്ചർ | SSK രക്ഷിതാക്കൾ |
| | ചിത്ര കാർഡുകൾ വായനകൾ, നിർമ്മാണ ശിൽപ്പശാല, ഡിജിറ്റൽ സാധ്യകളിലൂന്നി കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ജൂലൈ | ക്ലാസ് ടീച്ചർ | SSK |
| | റീഡേഴ്സ് തീയ്യറ്റർ | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |
| | കഥയുടെ പുനരവതരണം | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| | ചിത്രകാർഡുകൾ തയ്യാറാക്കൽ - ശിൽപ്പശാല | സെപ്തംബർ | ക്ലാസ് ടീച്ചർ | SSK |
| | കൂടു വായന വേദികളിൽ സ്വതന്ത്രമായി കഥ പറയൽ | ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| | ചിത്രത്തിന്റെ സഹായത്തോടെ കുട്ടി പറയുന്ന കഥ ക്രമീകരിക്കുന്നു. | നവംബർ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | കുട്ടികൾ നിർമ്മിച്ച കഥയുടെ പ്രകാശനം | ഡിസംബർ | ക്ലാസ് ടീച്ചർ | SSK |
| | മുൻകൂട്ടി തയ്യാറാക്കിയ കഥ വായിക്കുന്നു. കഥ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു | ജനുവരി | ക്ലാസ് ടീച്ചർ | |
| | കഥാപുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. നവ മാധ്യമങ്ങളിൽ പങ്കിടുന്നു. schoolwiki etc | ഫെബ്രുവരി | ക്ലാസ് ടീച്ചർ | OSA, PTA |
| എല്ലാ ക്ലാസിലെയും കുട്ടികളിലും താളാത്മകബോധം വളർത്തി പഠനം ആസ്വാദ്യകരമാക്കാനും എളുപ്പമാകുന്നതിനും | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് - പാട്ട് ശേഖരിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | SSK |
| | ചാർട്ടിൽ പ്രദർശിപ്പിക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| | ഓഡിയോ കേൾപ്പിക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| | പാട്ടുകൾ ശേഖരിച്ച് നോട്ടുപുസ്തകത്തിൽ എഴുതാൻ അവസരം നൽകുന്നു | ജൂലായ് - മാർച്ച് | ക്ലാസ് ടീച്ചർ | |

**മേഖല - അക്കാദമികം**
**ഉപമേഖല - മലയാളം (ലേഖനം)**
**ക്ലാസ് - 1, 2, 3, 4**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസിലെ എല്ലാ കുട്ടികളും തെറ്റു കൂടാതെ ഭാഷാ കൈകാര്യം ചെയ്യുന്നു | നിരന്തര മൂല്യനിർണ്ണയം - എല്ലാ തിങ്കളാഴ്ചയും ക്ലാസുകളിൽ dictation നടത്തുന്നു. വിലയിരുത്തൽ നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ | |
| | പൊതുവായി എല്ലാ ക്ലാസിനും യോജിച്ച മലയാളം വാക്കുകൾ ഉൾപ്പെടുത്തി പൊതു പരീക്ഷ നടത്തുന്നു. (ഉച്ചസമയം) സമ്മാനങ്ങൾ നൽകുന്നു | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ | സ്കൂൾ അധികൃതർ |
| എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുക എന്ന് ഉറപ്പു വരുത്തുക | സംയുക്ത ഡയറി എഴുതൽ - ക്ലാസ് 1, 2 | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | സാങ്കൽപ്പിക ഡയറി - പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് - ക്ലാസ് 2 | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| | ഡയറി എഴുത്ത് - ക്ലാസ് 3 വായ്ത്താരികൾ - ശേഖരണം | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| | സർഗ്ഗാത്മക ഡയറി എഴുത്ത് - ക്ലാസ് 4 രചനാ പരിചയ കുറിപ്പ് തയ്യാറാക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| | ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായ ത്തോടെ അടുക്കുറിപ്പ് എഴുതൽ | നവംബർ | രക്ഷിതാവ് | SSK |
| | കാർട്ടൂണുകൾക്ക് സംഭാഷണം എഴുതൽ | ഡിസംബർ | രക്ഷിതാവ് | SSK |
| | ലഘു രചന ശിൽപ്പശാല സംഘടിപ്പിക്കൽ - കത്തെഴുത്ത് | ജൂലായ് - ഒക്ടോബർ | രക്ഷിതാവ് | |
| | ലഘുപതിപ്പ് | ഫെബ്രുവരി | അധ്യാപകർ | SSK |
| | കുട്ടിപത്രം തയ്യാറാക്കൽ | ഫെബ്രുവരി | അധ്യാപകർ | SSK |
| | പ്രവർത്തനത്തിന്റെ പേര് മികവിലേക്ക് | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പുസ്തകം കൊടുത്ത് എഴുതൽ | വർഷം മുഴുവൻ | അധ്യാപകർ | |
| | SRG കൂടി യോജിച്ച പ്രവർത്തനം കണ്ടെത്തൽ | വർഷം മുഴുവൻ | അധ്യാപകർ | സ്കൂൾ അധികൃതർ |
| | സ്കൂൾ സമയത്തിനു പുറമെ ഒഴിവുള്ള സമയം നിശ്ചയിച്ച് പിന്നോക്കാവസ്ഥ പരിഹരിക്കൽ | വർഷം മുഴുവൻ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | പിന്നോക്കാവസ്ഥ പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് പൊതുപരീക്ഷ നടത്തുന്നു | വർഷം മുഴുവൻ | അധ്യാപകർ | |
| | കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവത്ക രണ ക്ലാസ് സംഘടിപ്പിക്കുന്നു | ജൂലായ് | അധ്യാപകർ | സ്കൂൾ അധികൃ തർ |
| | എല്ലാ ആഴ്ചയിലും ആദ്യ ദിവസം മുന്നത്തെ ആഴ്ചയിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് മൂല്യനിർണ്ണയം നടത്തുന്നു | വർഷം മുഴുവൻ | അധ്യാപകർ | |

**മേഖല - അക്കാദമികം**
**ഉപമേഖല - പരിസരപഠനം (ലഘുപരീക്ഷണങ്ങൾ)**
**ക്ലാസ് - 1, 2, 3, 4**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര ബോധം വളർത്തുന്നതിനും പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള കഴിവു നേടുന്നതിനും | എല്ലാ മാസവും ഒരു ദിവസം സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഘു പരീക്ഷണങ്ങൾ ചെയ്യുന്നു | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ | രക്ഷിതാക്കൾ അധ്യാപകർ |
| | നാലാം ക്ലാസിലെ കുട്ടികൾ പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ | |

**മേഖല - അക്കാദമികം**
**ഉപമേഖല - ഗണിതം**
**ക്ലാസ് - 1, 2, 3, 4**

| Sl No | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഗണിതലാബ് | ഗണിത പഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ (അബാക്കസ്സ്, സംഖ്യാ റിബൺ....etc) ക്ലാസ് മുറികളിൽ സജ്ജീകരിക്കുന്നു. | വർഷം മുഴുവനും പാഠഭാഗവുമായി ബന്ധമുള്ളവ | അധ്യാപകർ രക്ഷിതാക്കൾ കുട്ടികൾ | രക്ഷിതാക്കൾ അധ്യാപകർ |
| | ഗണിത മധുരം ശിൽപ്പശാല | ഗണിത കളികൾ കുട്ടികളെ പരിചയപ്പെടുത്തുന്നു. (ഡോമിനോസ്, പാമ്പും കോണി ....etc) | 2 ദിവസം | ഗണിതാധ്യാപകർ | |
| | ഗണിതമേള | ഗണിതത്തിൽ കൂടുതൽ അഭിരുചിയുള്ളഴരെ കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടെ സ്കൂൾ തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. (ജ്യോമട്രിക്കൽ പാറ്റേൺ, പസ്സിൽ, സ്റ്റിൽ മോഡൽ, പഠനോപകരണങ്ങളുടെ നിർമ്മാണം....etc) ഗണിതപ്പെട്ടി, ജ്യാമിതീയ രൂപങ്ങൾ പ്രദർശിപ്പിക്കുന്നു, ടാൻഗ്രാം നിർമ്മാണം | 1 ദിവസം | ഹെഡ്മിസ്ട്രസ്സ്, രക്ഷിതാക്കൾ, കുട്ടികൾ, അധ്യാപകർ | PTA |

| | | | | | |
|---|---|---|---|---|---|
| | ഫുഡ് ഫെസ്റ്റ് | ഭക്ഷണ സാധനങ്ങൾ വീടുകളിൽ നിന്ന് ഉണ്ടാക്കി കൊണ്ടുവരുന്നു. വിദ്യാർത്ഥികൾ അതിന്റെ വിപണി കണ്ടെത്തുന്നു. വിലവിവര പട്ടിക തയ്യാറാക്കുന്നു. കച്ചവടത്തിലെ ഗണിത ത്തിന്റെ സാന്നിദ്ധ്യം കുട്ടികൾ തിരിച്ചറിയുന്നു. | 1 ദിവസം | ഹെഡ്മിസ്ട്ര സ്സ്, രക്ഷിതാ ക്കൾ, കുട്ടി കൾ, അധ്യാപ കർ | രക്ഷിതാക്കൾ |
| | സ്പോർട്സ് ഗ്രൗണ്ട് ഒരു ക്കൽ | സ്പോർട്സ് ഡേ യോടനുബന്ധിച്ച് ഗ്രൗ ് ഒരുക്കൽ (ട്രാക്ക്), ഫിനിഷിങ്ങ് പോയന്റിൽ എത്താനെടുക്കുന്ന സമയം, നീളം, ഭാരം തുട ങ്ങിയ യൂണിറ്റുകളിലേക്ക് പ്രയോജനപ്പെടുത്തു ന്നു. | 1 ആഴ്ച | അധ്യാപകർ കുട്ടികൾ | PTA |
| | ഗണിത ക്വിസ് | ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് കൂടു തൽ ഹൃദിസ്ഥമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഗണിത ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | ടേമിൽ ഒരിക്കൽ | ഗണിതാധ്യാ പകർ | |

**മേഖല – അക്കാദമികം**

**ഉപമേഖല – English**

**ക്ലാസ് – 1, 2, 3, 4**

| Sl No | Skills | Activities | Time | Duty | Economy |
|---|---|---|---|---|---|
| 1 | Listening skill students get many chance for listening English language | • Give chance to hear simple rhymes<br>• Motivate the children by hearing news reading, simple stories in assembly. In Balasabha each class conduct discourses like conversation. Adding more lines description etc.., In online class get chances to hear simple stories and conversation get chance to hear moral stories in ICT. | June<br>July<br>August | Teachers<br>PTA<br>SSA | Teachers<br>PTA |
| 2 | Speaking Skills | • Self introduction in classroom speak only in Eglish in spoken English class.<br>• English assembly leading students.<br>• English day – In all weeks Friday in considered as English day | Sptember<br>October<br>November | Teachers<br>OSA<br>PTA | Teachers<br>PTa |

| | | | | | |
|---|---|---|---|---|---|
| 3 | Reading | • Alphabets – Reading simple cards<br>• Making growing sentence<br>• Language game in class room<br>• News paper and text book reading<br>• Use English libraray for reading<br>• Get chance to read simple stories with correct pronunciation<br>• To conduct hellow English programme in each class | December<br><br>January | Teachers<br><br>OSA | Teacher<br><br>OSA |
| 4 | Writing | Write alphabets and simple sentence in copy book. Write important words from the lessons and making English dictionary. Write simple conversation complete the story by writing the missing words. Ge chance writing discritption by using picture chart | Febuary<br><br>March | Teahcer<br><br>PTA | Teacher<br><br>PTA |
| 5 | Writing | Picture story book , Write Diary, Add more lines in poem | | | |

**മേഖല – അക്കാദമികം**
**ഉപമേഖല – പൊതുവിജ്ഞാനം**
**ക്ലാസ് – 1, 2, 3, 4**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തോടൊപ്പം കുട്ടികളുടെ പൊതുവിജ്ഞാനം വികസിപ്പികാകനും അതു വഴി വിദ്യാർത്ഥികളുടെ സമഗ്ര വികസനം ഉറപ്പാകുന്നതിന് | • എല്ലാ ദിവസവും പത്രത്തിൽ നിന്ന് ഒരു ചോദ്യം പൊതുവായി ചോദിക്കുകയും ഉത്തരം പറയുന്നവർക്ക് സമ്മാനം നൽകുന്നു. | ഒരു വർഷം മുഴുവൻ | സ്കൂൾ അധികൃതർ അധ്യാപകർ | OSA Members |
| | • ദിനാചരണങ്ങളോടനുബന്ധിച്ച് ക്വിസ് നടത്തുന്നു. | ഒരു വർഷം മുഴുവൻ | സ്കൂൾ അധികൃതർ അധ്യാപകർ | |
| | • മാസത്തിൽ ഒരിക്കൽ ജനറൽ ക്വിസ് നടത്തുന്നു. | ഒരു വർഷം മുഴുവൻ | സ്കൂൾ അധികൃതർ അധ്യാപകർ | |

**മേഖല - ഭൗതികം**

**ഉപമേഖല - കൃഷി**

**ക്ലാസ് - 1, 2, 3, 4**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ കൃഷിയിലും പരിസ്ഥിതിയിലും താൽപര്യം വളർത്തുന്നതിന് | • കൃഷി - ഇക്കോ ക്ലബ്ബിന്റെ നേതൃത്വത്തിൽ വിത്തുകൾ ശേഖരിക്കുന്നു | ജൂൺ | ക്ലബ്ബ് കൺവീനർ | സ്കൂൾ അധികൃതർ |
| | • ശേഖരിച്ച വിത്തുകൾ തരംതിരിച്ച് നടന്നു. | ജൂലായ് | ക്ലബ്ബ് കൺവീനർ | |
| | • എല്ലാ മാസവും ഒരു ക്ലാസിന് ചെടികളെ പരിപാലിക്കാൻ നേതൃത്വം നൽകുന്നു | വർഷം മുഴുവൻ | ക്ലബ്ബ് കൺവീനർ | |
| | • വിളവ് ഉച്ചഭക്ഷണ പരിപാടിയിലേക്ക് ശേഖരിക്കുന്നു. | വർഷം മുഴുവൻ | ക്ലബ്ബ് കൺവീനർ | |

**മേഖല – ഭൗതികം**

**ഉപമേഖല – കളിസ്ഥലം ഒരുക്കൽ**

**ക്ലാസ് – 1, 2, 3, 4**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ കളിയുപകരണങ്ങളിലൂടെ ആവശ്യാനുസരണമുള്ള ശാരീരിക ചലനം, ഏകോപനം, തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവ നേടുന്നു | • വിദ്യാലയത്തിൽ കുട്ടികൾക്ക് കളികളിൽ ഏർപ്പെടുന്നതിന് സിസോ, സ്ലൈഡ്, Climbers, Spring, Riders, Jungle Gyms etc | 3 മാസം | സ്കൂൾ അധികൃതർ PTA, OSA | PTA, OSA |

**മേഖല - ഭൗതികം**

**ഉപമേഖല - ഭവനസന്ദർശനം**

**ക്ലാസ് - 1, 2, 3, 4**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സമഗ്രവികസനം, കുട്ടികളുടെ അക്കാദമിക വളർച്ചയോടൊപ്പം അവരുടെ ഭൗതിക സാഹചര്യങ്ങൾ മനസ്സിലാക്കാൻ | • എല്ലാ അധ്യാപകരും സ്വന്തം ഉത്തരവാദിത്വത്തിൽ തങ്ങളുടെ ക്ലാസിൽ പഠിക്കുന്ന കുട്ടികളുടെ ഭവനം സന്ദർശിക്കുന്നു. എന്റെ കുട്ടി എന്ന പ്രോജക്ട് തയ്യാറാക്കുന്നു. പാഠഭാഗങ്ങളും ക്ലാസ് പഠനരീതികളും വിഭാവനം ചെയ്യുന്നു | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ | അധ്യാപകർ |

**മേഖല - ഭൗതികം**

**ഉപമേഖല - ഉച്ചഭക്ഷണശാല**

**ക്ലാസ് - 1, 2, 3, 4**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ പരിപാലനത്തിൽ ഊന്നൽ നൽകി കൊണ്ട് ശുചിത്വമുള്ള അന്തരീക്ഷം സൃഷ്ടിക്കൽ | • സ്ഥലം സജ്ജമാക്കൽ<br>• അഭ്യുദയകാംക്ഷികളുടെ പങ്കാളിത്തം<br>• പ്ലാൻ തയ്യാറാക്കൽ | ജൂൺ - സെപ്തംബർ | സ്കൂൾ അധികൃതർ PTA, OSA | MLA Fund |

**മേഖല - ഭൗതികം**

**ഉപമേഖല - ലൈബ്രറി**

**ക്ലാസ് - 1, 2, 3, 4**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാശീലം പരിപോഷിപ്പിക്കുന്നു. | • വിദ്യാലയത്തിൽ പുസ്തകങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഷെൽഫ് നിർമ്മിക്കണം.<br>• കുട്ടികളിൽ നിന്നും ലൈബ്രറി പുസ്തക ശേഖരണം<br>• ലൈബ്രറി വിപുലീകരിക്കണം<br>• വായനക്കുള്ള പുസ്തകങ്ങളുടെ വിതരണം<br>• Library Issue register<br>• വായനകളരി<br>• വായനാക്കുറിപ്പ് തയ്യാറാക്കൽ | വർഷം മുഴുവൻ | സ്കൂൾ അധികൃതർ PTA, OSA | PTA, OSA |

# ഉപസംഹാരം

എസ്.ആർ.ജി., പി.ടി.എ., ഓ.എസ്.എ., യു.ആർ.സി., ഡയറ്റ്, പഞ്ചായത്ത് വിദ്യാഭ്യാസ സമിതി, എ.ഇ.ഒ., ഹെഡ്മിസ്ട്രസ്സ്, എസ്.എസ്.കെ., കൈറ്റ് തുടങ്ങി നിരവധി പേരുടെ സഹായ സഹകരണത്തോടെ ഞങ്ങളുടെ വിദ്യാലയത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമാക്കിയുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഞങ്ങൾക്ക് സാധിച്ചു. മികച്ച അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ വിദ്യാലയത്തോടൊപ്പം സഹകരിച്ച എല്ലാ മാന്യ വ്യക്തികൾക്കും സംഘടനകൾക്കും നന്ദി അർപ്പിച്ച് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.